നൂൽവിതരണം

*ക്ഷ ൦൪ (൨൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട ക്ഷീരവകുപ്പുമന്ത്രി അടിയിൽകാണിക്കുന്ന ചോദ്യങ്ങൾക്കു ദയവു മറുപടി നൽകുമോ?

(എ) ഓരോ വ്യവസായിക്കും ഒരിക്കൽ കൊടുക്കുന്ന നൂൽകൊണ്ടുണ്ടാക്കുന്ന തുണിയോ വലയോ തിരിച്ചേല്പിച്ചതിനുശേഷമേ വീണ്ടും നൂൽ കൊടുക്കാവൂ എന്നടിസ്ഥാനത്തിൽ നൂൽ വിതരണം നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം സംഘടനകൾ ഇതുസംബന്ധിച്ചു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(സി) കൊല്ലം താലൂക്കു കോസ്റ്റൽ ഡെവലപ്പ്മെൻറ് സഹകരണസംഘം ഇതുസംബന്ധിച്ചു രണ്ടപേക്ഷകൾ അയച്ചിട്ടുണ്ടോ;

(ഡി) അവയിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും, ക്ഷീരവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര)

(എ) നൂൽ എടുത്തിട്ടു തുണി തിരിയെ കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയെ പരിഗണിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയോഗിച്ചിരിക്കുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടു അനുസരിച്ചു ശ്രീമൂലം കൈത്തറി വ്യവസായ സഹകരണസംഘത്തിനു ൫൦ ബയിലും, കൊച്ചിൻ കടൽവ്യവസായസംഘത്തിനു ൧൦ ബയിലും കൊടുക്കുന്നതിനു അനുവദിച്ചിട്ടുണ്ട്. നൂൽ എടുത്തു വല തിരിച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതി കൊല്ലം ഡവലപ്പുമെൻറ് സഹകരണസംഘം പ്രസിഡൻറ് സമർപ്പിച്ചിട്ടുണ്ട്. അതു ഗവൺമെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു.

(ബി) ശ്രീമൂലം കൈത്തറിനെയ്ത്തു വ്യവസായസഹകരണസംഘം, കൊല്ലംതാലൂക്കു ഫാൻറ്ലും വീവേഴ്സ് യൂണിയൻ, കൊല്ലം ഡെവലപ്പ്മെൻറ് സഹകരണസംഘം മുതലായവ. ഒടുവിൽ പറഞ്ഞ സംഘടന നൂൽ എടുത്തു വല തിരിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയാണു സമർപ്പിച്ചിട്ടുള്ളതു.

(സി) ഉണ്ടു.

(ഡി) അവ ഗവൺമെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ പദ്ധതി സമർപ്പിച്ചിട്ടു എത്ര കാലമായി എന്നു പറയാമോ?

ശ്രീ. കെ. എം. കോര: പദ്ധതി സമർപ്പിച്ചതിൻറെ സൂക്ഷ്മം ഡേറ്റു അറിയണമെങ്കിൽ അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കൊല്ലം ഡെവലപ്പുമെൻറ് സഹകരണസംഘം സമർപ്പിച്ച പദ്ധതിയനുസരിച്ചു അവരെ എന്തെങ്കിലും ഏല്പിക്കുകയുണ്ടായോ?

ശ്രീ. കെ. എം. കോര: അതിനെസംബന്ധിച്ചുള്ള സംഗതികളെല്ലാം ഗവൺമെൻറിൻറെ പരിഗണനയിലിരിക്കുകയാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

12 Noon

Reference to the Death of Sri. T. K. Velu Pillai

മിസ്റ്റർ സ്പീക്കർ: സഭയുടെ അടുത്ത പരിപാടിയിലേക്കു പ്രവേശിക്കുന്നതിനു മുമ്പായി ഒരു സംഗതി സഭയെ അറിയിക്കുവാനുണ്ടു. തിരുവിതാംകൂർ നിയമസഭയിലെ ഡെപ്യൂട്ടി പ്രസിഡൻറായിരുന്ന ശ്രീമാൻ സഭാസ്യതിലകൻ

LIBRARY ARCHIVES Kerala Legislative Assembly